(ബി & സി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

പട്ടാമ്പി പോലീസ് സ്റ്റേഷൻ വിഭജനം

221 (222) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി പോലീസ് സ്റ്റേഷൻ വിഭജിച്ച് കൊപ്പം സ്റ്റേഷൻ രൂപവൽക്കരിക്കുമോ;

(ബി) ഏറ്റവും വലിയ സ്റ്റേഷനുകളിൽ ഒന്നാണ് പട്ടാമ്പി എന്നത് കണക്കിലെടുത്ത് അടിയന്തരമായി കൊപ്പം സ്റ്റേഷൻ യാഥാർത്ഥ്യമാക്കുമോ ?

ഉത്തരം

(എ & ബി) പുതുതായി ആരംഭിയ്ക്കേണ്ട പോലീസ് സ്റ്റേഷനുകളുടെ ഒരു മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്നതിനായി ഒരു പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ പി. & എ. ആർഡിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ട് ലഭ്യമായ ശേഷം പട്ടാമ്പി പോലീസ് സ്റ്റേഷൻ വിഭജിച്ച് കൊപ്പം പോലീസ് സ്റ്റേഷൻ രൂപീകരിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

മാഞ്ഞൂർ പോലീസ് സ്റ്റേഷൻ രൂപീകരണം

222 (223) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ കടുത്തുരുത്തി മണ്ഡലത്തിലെ മാഞ്ഞൂർ പോലീസ് സ്റ്റേഷൻ രൂപീകരിക്കുന്നതു സംബന്ധിച്ചുള്ള സ്റ്റേറ്റ് പോലീസ് ചീഫ് (എസ്.പി.സി.) റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(ബി) എസ്. പി. സി. റിപ്പോർട്ട് ലഭിക്കുന്നതിന് അടിയന്തര പ്രാധാന്യം നൽകുമോ ; ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത പോലീസ് സ്റ്റേഷന് തസ്തിക സൃഷ്ടിക്കൽ ആവശ്യമാണോ ; എങ്കിൽ എത്ര തസ്തിക സൃഷ്ടിക്കണം ; വിശദമാക്കാമോ ?

ഉത്തരം

(എ & ബി) ലഭിച്ചിട്ടില്ല. മാഞ്ഞൂർ പോലീസ് സ്റ്റേഷൻ ആരംഭിയ്ക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കുവാൻ വകുപ്പുതലത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly